കേരള പ്രസ് അക്കാദമി
കാക്കനാട് : കൊച്ചി-30

# പ്രസ് അക്കാദമി ജേർണലിസം, പബ്ലിക് റിലേഷൻസ് കോഴ്സുകൾക്ക് അപേക്ഷിക്കാം

പത്രക്കുറിപ്പ് നം. 15 / 2010 തീയതി: 18..5..2010

സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള കേരള പ്രസ് അക്കാദമി നടത്തുന്ന ജേർണലിസം ആൻഡ് കമ്മ്യൂണിക്കേഷൻ, പബ്ലിക് റിലേഷൻസ് ആൻഡ് അഡ്വർടൈസിങ്ങ് പോസ്റ്റ് ഗ്രാഡ്വേറ്റ് ഡിപ്ലോമ കോഴ്സുകൾക്ക് അപേക്ഷ ക്ഷണിച്ചു. സർക്കാരംഗീകാരമുള്ള ഈ ഫുൾടൈം കോഴ്സുകളുടെ ദൈർഘ്യം ഒരു വർഷമാണ്. ഓഡിയോ-വിഷ്വൽ മാധ്യമ പരിശീലനം , ഐടി അധിഷ്ഠിത മാധ്യമ പരിശീലനം, കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ക്ലാസുകൾ എന്നിവ കോഴ്സിന്റെ ഭാഗമാണ്. പത്രങ്ങളിലെയും വാർത്താ ചാനലുകളിലെയും വിദഗ്ധരെടുക്കുന്ന പ്രായോഗിക ക്ലാസുകൾ കോഴ്സുകളുടെ പ്രത്യേകതയാണ്.

ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും കാമ്പസ്സിനുള്ളിൽ തന്നെ ഹോസ്റ്റൽ സൗകര്യമുണ്ട്.

ഏതെങ്കിലും വിഷയത്തിലുള്ള ബിരുദമാണ് രണ്ടു കോഴ്സുകളുടേയും പ്രവേശന യോഗ്യത. അവസാന വർഷ ബിരുദപരീക്ഷ എഴുതിയവർക്കും അപേക്ഷിക്കാം. പ്രായം 1.5.2010ൽ 27 വയസ്സ് കവിയരുത്. പട്ടിക വിഭാഗക്കാർക്ക് അഞ്ചുവർഷത്തെ വയസ്സിളവുണ്ട്. അഭിരുചി പരീക്ഷയുടേയും ഇന്റർവ്യൂവിന്റേയും അടിസ്ഥാനത്തിലാണ് പ്രവേശനം. കോഴിക്കോട്, എറണാകുളം, കൊല്ലം എന്നിവിടങ്ങളിൽ പ്രവേശനപരീക്ഷാ സെന്ററുകൾ ഉണ്ടാകും.

അപേക്ഷാഫോറവും പ്രോസ്പെക്ടസും 300രൂപയ്ക്ക് (പട്ടിക വിഭാഗക്കാർക്ക് 150രൂപ) കാക്കനാട് സിവിൽസ്റ്റേഷന് സമീപമുള്ള പ്രസ് അക്കാദമിയിൽ 2010 മെയ് 20 മുതൽ ലഭിക്കും. തപാലിൽ വേണ്ടവർ സെക്രട്ടറി, കേരള പ്രസ് അക്കാദമി എന്ന പേരിൽ എറണാകുളം സർവീസ് ബ്രാഞ്ചിൽ മാറാവുന്ന ബാങ്ക് ഡിമാൻഡ് ഡ്രാഫ്റ്റ്, 42രൂപ സ്റ്റാമ്പ് പതിച്ച 26x32 സെമീ. വലിപ്പത്തിലുള്ള സ്വന്തം മേൽവിലാസമെഴുതിയ കവർ എന്നിവസഹിതം സെക്രട്ടറി, കേരള പ്രസ് അക്കാദമി, കാക്കനാട് കൊച്ചി-682 030 എന്ന വിലാസത്തിൽ അപേക്ഷിക്കണം. കത്തിൽ കോഴ്സിന്റെ പേര് കാണിക്കണം. അപേക്ഷാഫോറം പ്രസ് അക്കാദമിയുടെ വെബ്സൈറ്റിൽ . (www.pressacademy.org) നിന്നും ഡൗൺലോഡ് ചെയ്തും ഉപയോഗിക്കാം. ഡൗൺലോഡ് ചെയ്ത അപേക്ഷ പൂരിപ്പിച്ചു നൽകുമ്പോൾ സെക്രട്ടറി, കേരള പ്രസ് അക്കാദമി എന്ന പേരിൽ എറണാകുളം സർവീസ് ബ്രാഞ്ചിൽ മാറാവുന്ന 300രൂപയുടെ (പട്ടിക വിഭാഗക്കാർക്ക് 150രൂപയുടെ) ഡിമാൻഡ് ഡ്രാഫ്റ്റും നൽകണം. ചെക്ക് സ്വീകരിക്കുന്നതല്ല.

പൂരിപ്പിച്ച അപേക്ഷ ജൂൺ 21ന് വൈകീട്ട് അഞ്ച്മണിക്കകം അക്കാദമി ഓഫീസിൽ ലഭിക്കണം. കൂടുതൽ വിവരങ്ങൾ അക്കാദമി ഓഫീസിൽനിന്നും ലഭിക്കും. ഫോൺ **0484 2422275, 2422068.**

സെക്രട്ടറി